# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3576 — 12/5/2017-ലെ മറുപടിയ്ക്ക്

## കേരളത്തിലെ തൊഴിലില്ലായ്മ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ. ടി.പി. രാമകൃഷ്ണൻ (ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) അഭ്യസ്ഥവിദ്യരെകൊണ്ട് സമ്പന്നമായ കേരളത്തിലെ അതിരൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള 4 ഘടക പദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്. 1) വൊക്കേഷണൽ & കരിയർ ഗൈഡൻസ് 2) കപ്പാസിറ്റി ബിൽഡിങ് 3) മത്സര പ്പരീക്ഷ പരിശീലനം 4) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശ രഹിത വായ്പ പദ്ധതി.<br><br>തൊഴിൽ രഹിതരായവർക്ക്, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളായ **കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയമെന്റ് സ്കീം ഫോർ രജിസ്റ്റേഡ് അൺ-എംപ്ലോയ്ഡ് (കെസ്റ്റ), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്, ശരണ്യ** മുതലായ പദ്ധതികൾ പ്രകാരം സർക്കാർ എംപ്ലോമെന്റ് വകുപ്പ മുഖാന്തിരം വായ്പ്/ സബ്സിഡി അനുവദിക്കുന്നുണ്ട്. ഇതുമൂലം |

തൊഴിൽ രഹിതരായ അനേകം പേർക്ക് പ്രത്യക്ഷമായും, പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

**<u>കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി):</u>**

വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും അറിവും പരിശീലനവും നല്കി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികളെയും, അഭ്യസ്ഥ വിദ്യരായ തൊഴിൽ രഹിതരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും, പേരാമ്പ്രയിലും, ചിറ്റൂരിലും സി.ഡി.സി യുടെ പ്രവർത്തനം ആരംഭിക്കുകയും അതുവഴി സേവനങ്ങൾ നല്കുകയും ചെയ്തുവരുന്നു.

ബി) സ്കൂളുകളിലും ഐ.ടി.ഐകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;-

ബി) വിവരം ശേഖരിച്ചു വരുന്നു.

സി) സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പരിശീലന പദ്ധതികളാണ് തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്നത്;

സി) “കൈവല്യ" പദ്ധതിയുടെ ഭാഗമായി ഉദ്യോഗാർത്ഥികളെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കുന്ന വിധം പരിശീലനം നല്കുന്നതിനായി കപ്പാസിറ്റി ബിൽഡിങ് എന്ന ഘടക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കുട നിർമ്മാണം, മെഴുകുതിരി

നിർമ്മാണം, പേപ്പർ പ്ലേറ്റ് നിർമ്മാണം തുടങ്ങി 41 തരം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ടി പരിപാടി അംഗപരിമിതർക്കായുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആരംഭിക്കുന്നതാണ്. കൈവല്യ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് പലിശ രഹിതവായ്പ നല്കുന്നുണ്ട്.

സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് 14 ജില്ലകളിലും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ട് സ്വയം തൊഴിൽ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ലളിതമായ വ്യവസ്ഥകളിലൂടെ വായ്പ/സബ്സിഡി അനുവദിക്കുന്ന കേരളാ സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ- എംപ്ലോയ്ഡ് (കെസ്റു), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്, ശരണ്യ എന്നീ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ഡി) | വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്ത വിദ്യരുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ? | ഡി) | സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 514873 |
| കൊല്ലം | 390104 |
| ആലപ്പുഴ | 303529 |
| പത്തനംതിട്ട | 123461 |
| കോട്ടയം | 221656 |
| ഇടുക്കി | 106928 |
| എറണാകുളം | 286717 |
| തൃശ്ശൂർ | 314171 |
| പാലക്കാട് | 191354 |
| മലപ്പുറം | 278451 |
| കോഴിക്കോട് | 360074 |
| വയനാട് | 89363 |
| കണ്ണൂർ | 195527 |
| കാസർഗോഡ് | 90343 |
| **ആകെ** | **3466551** |

സെക്ഷൻ ഓഫീസർ